**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2503** **24-06-2024 - ൽ മറുപടിയ്ക്ക്**

**ടേൺ ഓവർ ടാക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെങ്കിലും ബാർ ഹോട്ടലുകൾ കോമ്പോസിഷൻ നിരക്കിൽ ടേൺ ഓവർ ടാക്സ് ഒടുക്കുന്നുണ്ടോ; | (എ) | കേരള പൊതു വിൽപ്പന നികുതി നിയമം, 1963 വകുപ്പ് 7 പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി ബാർ ഹോട്ടലുകൾക്ക് അവർ സമർപ്പിക്കുന്ന ഓപ്ഷൻ പ്രകാരം കോമ്പൗണ്ട് നിരക്കിൽ നികുതി അടയ്ക്കാവുന്നതാണ്. അത്തരം ഓപ്ഷൻ സമർപ്പിച്ച ബാർ ഹോട്ടലുകൾ കോമ്പോസിഷൻ നിരക്കിൽ നികുതി ഒടുക്കിവരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനകൾ എത്രയെണ്ണമെന്ന് വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; പ്രസ്തുത പരിശോധനയിലൂടെ ലഭിച്ച വസ്തുതകൾ വച്ച് നികുതി നിർണ്ണയം പൂർത്തികരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ വർഷം, അഡീഷണൽ ഡിമാന്റ്, കളക്ഷൻ എന്നിവ തിരിച്ച് ലഭ്യമാക്കുമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളുടെ നികുതി നിർണ്ണയം 2017 മുതൽ 2023 വരെയുള്ള കാലയളവിൽ എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടായിരുന്നുവെന്നും അതിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും ഇനി എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും അറിയിക്കുമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | നികുതി നിർണ്ണയം പൂർത്തീകരിച്ചതിൽ നിന്ന് ലഭിച്ച അഡീഷണൽ ഡിമാന്റിന്റെ കളക്ഷൻ എത്രയാണെന്നും പിരിഞ്ഞ് കിട്ടാനുള്ളത് എത്രയാണെന്നും അറിയിക്കാമോ; | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തെ എല്ലാ ബാറുകളിലും പരിശോധന നടത്തുവാൻ സർക്കാർ തയ്യാറുകുമോ; എങ്കിൽ ബാറുകൾ നൽകുന്ന നികുതി റിട്ടേണിലേയും യഥാർഥ വിറ്റ് വരവിലെയും ലാഭ ശതമാനവും പരിശോധിച്ച് നികുതി | (ഇ) | നിലവിൽ ബാർ ഹോട്ടലുകൾ വിറ്റുവരവ് കുറച്ചു കാണിച്ചിട്ടുള്ളതായി കണ്ടെത്തുകയോ, നികുതി അടയ്ക്കുന്നത് കുറഞ്ഞ നിരക്കിൽ ആണെന്ന് കണ്ടെത്തുകയോ, അടയ്ക്കേണ്ട നികുതി പൂർണ്ണമായി അടച്ചിട്ടില്ല എന്ന് കണ്ടെത്തുകയോ ചെയ്താൽ, |

| | | | |
|---|---|---|---|
| | നിർണ്ണയം നടത്തുവാൻ സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കാമോ? | | അവർക്കെതിരെ കേരള പൊതു വില്പന നികുതി നിയമം, 1963 അനുശാസിക്കുന്ന പ്രകാരമുള്ള അസ്സസ്സ്മെന്റ് നടപടികൾ പൂർത്തികരിക്കുകയും കുറവ് വരുത്തിയിട്ടുള്ള നികുതി സംസ്ഥാന ഖജനാവിലേക്ക് ലഭ്യമാക്കാനുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. റിട്ടേൺ ഫയൽ ചെയ്ത് യഥാസമയം നികുതി അടയ്ക്കാത്തവർക്കുമേൽ കേരള പൊതു വിൽപ്പന നികുതി നിയമം, 1963 പ്രകാരം, പെനാൽറ്റി ചുമത്തി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗവും ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തുടർന്നും റിട്ടേൺ പരിശോധനയിലൂടെയോ മറ്റു ഡിപ്പാർട്ട്മെന്റൽ ഇൻവെസ്റ്റിഗേഷന്റെ ഭാഗമായോ ഏതെങ്കിലും ബാർ ഹോട്ടലുകൾ നിയമപ്രകാരമുള്ള നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നുവെന്നു ശ്രദ്ധയിൽ പെട്ടാൽ കേരള പൊതു വില്പന നികുതി നിയമം, 1963 പ്രകാരമുള്ള നടപടികൾക്ക് ടി ബാർ ഹോട്ടലുകൾ വിധേയമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ